**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2714** **24-06-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ നിക്ഷേപ സമാഹരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഉമ തോമസ്** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ സഹകരണ നിക്ഷേപ സമാഹരണത്തിന്റെ ഭാഗമായി എന്തൊക്കെ പരിപാടികളാണ് ആവിഷ്കരിച്ചതെന്നും എത്ര കോടി രൂപയുടെ നിക്ഷേപം സമാഹരിക്കുവാനാണ് ലക്ഷ്യമിട്ടിരുന്നതെന്നും ഏതൊക്കെ കാലയളവിലാണ് നിക്ഷേപ സമാഹരണം നടത്തിയതെന്നും ഓരോ കാലയളവിലും എത്ര കോടി രൂപയുടെ നിക്ഷേപം സമാഹരിക്കാൻ സാധിച്ചുവെന്നുമുള്ള വിശദാംശം ജില്ലതിരിച്ച് ലഭ്യമാക്കാമോ; | (എ) | **42-ാമത് നിക്ഷേപ സമാഹരണ യജ്ഞം**<br><br>2022 ഫെബ്രുവരി 21 മുതൽ 2022 മാർച്ച് 31 വരെയാണ് 42 -ാമത് നിക്ഷേപ സമാഹരണ യജ്ഞവും അംഗത്വ ക്യാമ്പയിനും നടത്തിയത്. “സഹകരണ നിക്ഷേപം നാടിന്റെ തുടർ വികസനത്തിനായി” എന്നതാണ് 2022 ലെ നിക്ഷേപ സമാഹരണ ക്യാമ്പയിന്റെ മുദ്രാവാക്യം. 42-ാമത് നിക്ഷേപ സമാഹരണത്തിന്റെ ടാർജറ്റ് (ലക്ഷ്യം) 6000 കോടി രൂപയാണ്. എന്നാൽ നിക്ഷേപത്തിൽ 9967.43 കോടി രൂപയുടെ അറ്റ വർദ്ധനവ് കൈവരിക്കാൽ സാധിച്ചിട്ടുണ്ട്. 42-ാമത് നിക്ഷേപ യജ്ഞത്തിലൂടെ സഹകരണ സംഘങ്ങൾ/ ബാങ്കുകൾ സമാഹരിച്ച നിക്ഷേപം സംബന്ധിച്ച് ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>ക്രമ നം. ജില്ല 2022 ഫെബ്രുവരി 21 മുതൽ 2022 മാർച്ച് 31 വരെ നിക്ഷേപത്തിലുണ്ടായ അറ്റവർദ്ധനവ് (കോടിയിൽ)<br>1 തിരുവനന്തപുരം 334.97117<br><br>2 കൊല്ലം 523.9664<br><br>3 പത്തനംതിട്ട 98.58374<br><br>4 ആലപ്പുഴ 210.4047<br><br>5 കോട്ടയം 355.0203<br><br>6 ഇടുക്കി 186.7592<br><br>7 എറണാകുളം 506.8935<br><br>8 തൃശ്ശൂർ 551.3944<br><br>9 പാലക്കാട് 429.4102 |

10 മലപ്പുറം 545.32525

11 കോഴിക്കോട് 603.569

12 വയനാട് 90.93466

13 കണ്ണൂർ 912.69278

14 കാസർഗോഡ് 389.9015

15 കേരള സംസ്ഥാനസഹകരണ ബാങ്ക് 3794.5004

16 മലപ്പുറം ജില്ലാ സഹകരണ ബാങ്ക് 433.1058

**ആകെ 9967. 43300**

2. **<u>43-ാമത് നിക്ഷേപ സമാഹരണ യജ്ഞം</u>**

2023 ഫെബ്രുവരി 15 മുതൽ 2023 മാർച്ച് 31 വരെ വരെ നടന്ന 43 -ാമത് നിക്ഷേപ സമാഹരണ യജ്ഞവും അംഗത്വ ക്യാമ്പയിന്റേയും മുദ്രാവാക്യം "സഹകരണ നിക്ഷേപം കേരള വികസനത്തിന്" എന്നതായിരുന്നു. 43-ാമത് നിക്ഷേപ സമാഹരണത്തിന്റെ ടാർജറ്റ് (ലക്ഷ്യം) 9000 കോടി രൂപയാണ്. എന്നാൽ നിക്ഷേപത്തിൽ 8646.32 കോടി രൂപയുടെ അറ്റ വർദ്ധനവ് കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. 43-ാമത് നിക്ഷേപ യജ്ഞത്തിലൂടെ സഹകരണ സംഘങ്ങൾ/ ബാങ്കുകൾ സമാഹരിച്ച നിക്ഷേപം സംബന്ധിച്ച് ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു
ക്രമ നം. ജില്ല 2023 ഫെബ്രുവരി 15 മുതൽ 2023 മാർച്ച് 31 വരെ നിക്ഷേപത്തിലുണ്ടായ അറ്റവർദ്ധനവ് (കോടിയിൽ)

1 തിരുവനന്തപുരം 232.78

2 കൊല്ലം 343.72

3 പത്തനംതിട്ട 77.46

4 ആലപ്പുഴ 156.34

5 കോട്ടയം 304.32

6 ഇടുക്കി 191.42

7 എറണാകുളം 555.35

8 തൃശ്ശൂർ 428.20

9 പാലക്കാട് 432.77

10 മലപ്പുറം 789.48

11 കോഴിക്കോട് 851.53

12 വയനാട് 109.93

13 കണ്ണൂർ 1105.13

14 കാസർഗോഡ് 460.01

15 കേരള ബാങ്ക് 2607.88

**ആകെ 8646.32**

3 .**<u>44-ാമത് നിക്ഷേപ സമാഹരണ യജ്ഞം</u>**

2024 ജനുവരി 10 മുതൽ 2024 ഫെബ്രുവരി 12 വരെയാണ് 44-ാമത് നിക്ഷേപ സമാഹരണ യജ്ഞവും അംഗത്വ ക്യാമ്പയിനും നടത്തിയത്. "സഹകരണ നിക്ഷേപം നവകേരള നിർമ്മിതിക്കായി" എന്നതാണ് 44-ാമത് നിക്ഷേപ സമാഹരണ യജ്ഞത്തിന്റെ മുദ്രാവാക്യം. 44-ാമത് നിക്ഷേപ സമാഹരണത്തിന്റെ ടാർജറ്റ് (ലക്ഷ്യം) 9000 കോടി രൂപയായിരുന്നു. എന്നാൽ ഈ കാലയളവിൽ 23263.7349 കോടി രൂപയുടെ പുതിയ നിക്ഷേപം സമാഹരിക്കാൻ സാധിച്ചിട്ടുണ്ട്. 44-ാമത് നിക്ഷേപ യജ്ഞത്തിലൂടെ സഹകരണ സംഘങ്ങൾ/ ബാങ്കുകൾ സമാഹരിച്ച നിക്ഷേപം സംബന്ധിച്ച് ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.
ക്രമ നം. ജില്ല 2024 ജനുവരി 10 മുതൽ 2024 ഫെബ്രുവരി 12 വരെ ലഭിച്ച പുതിയ നിക്ഷേപം (കോടിയിൽ)
1 തിരുവനന്തപുരം 1171.6527

2 കൊല്ലം 1341.1134
3 പത്തനംതിട്ട 526.8957

4 ആലപ്പുഴ 835.9829

5 കോട്ടയം 1238.5709

6 ഇടുക്കി 307.196

7 എറണാകുളം 1304.228

8 തൃശ്ശൂർ 1169.4856

9 പാലക്കാട് 1398.0793

10 മലപ്പുറം 2692.1444

11 കോഴിക്കോട് 4347.3921

12 വയനാട് 287.7051

13 കണ്ണൂർ 2569.7613

14 കാസർഗോഡ് 865.2175

15 കേരള സംസ്ഥാന സഹകരണ ബാങ്ക് 3208.31

**ആകെ 23263.7349**

**<u>നിക്ഷേപ സമാഹരണത്തിന്റെ ഭാഗമായി ആവിഷ്കരിച്ച പരിപാടികൾ</u>**

കേരള സംസ്ഥാന സഹകരണ ബാങ്ക്, സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ, പ്രാഥമിക സഹകരണ കാർഷിക വായ്പ സംഘങ്ങൾ, സർവ്വീസ് സഹകരണ ബാങ്കുകൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ, അർബൻ ബാങ്കുകൾ, എംപ്ലോയിസ് സഹകരണ സംഘങ്ങൾ, മറ്റ് വായ്പാ സഹകരണ സംഘങ്ങൾ, അംഗങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിക്കുന്ന മറ്റ് വായ്പേതര സഹകരണ സംഘങ്ങൾ എന്നിവ ഈ ക്യാമ്പയിനുകളുടെ ഭാഗമായിട്ടുണ്ട്.

- നിക്ഷേപ സമാഹരണ യജ്ഞത്തിന് മുന്നോടിയായി അംഗങ്ങളിൽ നിന്നും നിക്ഷേപം ആകർഷിക്കുന്നതിനായി സഹകരണ സംഘങ്ങളിലേയും കേരളാ ബാങ്കിലേയും നിക്ഷേപങ്ങളുടെ പലിശ നിരക്ക് വർദ്ധിപ്പിച്ചു.
- എഫ്.എം റേഡിയോ, ടി.വി, 10 മുൻനിര ടി.വി വാർത്താ ചാനലുകൾ, ലോക്കൽ കേബിൾ ചാനലുകൾ, കെ.എസ്.ആർ.റ്റി.സി, തീയേറ്ററുകൾ, പത്രം, സഹകരണ വീഥി മാഗസിൻ, ഫെയ്സ് ബുക്ക്, വാട്ട്സ് ആപ്പ് തുടങ്ങിയ സമൂഹ മാധ്യമങ്ങൾ എന്നിവയിൽ 44-ാമത് നിക്ഷേപ സമാഹരണ യജ്ഞത്തിന്റെ പരസ്യം നൽകുകയും ആയത് പ്രകാരം നിക്ഷേപ ]സമാഹരണ യജ്ഞത്തിന് സംസ്ഥാന വ്യാപകമായി പ്രചാരണം നൽകുകയും ചെയ്തു.
- നിക്ഷേപ സമാഹരണവുമായി ബന്ധപ്പെട്ട് എല്ലാ ജില്ലകൾക്കും, കേരള സഹകരണ ബാങ്കിനും ടാർജറ്റ് നിർണ്ണയിച്ച് നൽകുകയും ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർ ബന്ധപ്പെട്ട താലൂക്കുകൾക്ക് ടാർജറ്റ് നൽകുകയും ചെയ്തു.
- നിക്ഷേപം സ്വീകരിക്കുന്ന എല്ലാ സംഘങ്ങളും പ്രധാന ജംഗ്ഷനുകളിലും ടൗണുകളിലും

| | | | |
|---|---|---|---|
| | | | ബാനറുകൾ പ്രദർശിപ്പിക്കുകയും ലഘുലേഖകൾ വിതരണം ചെയ്യുകയും ചെയ്തു.<br>• സഹകരണ സംഘം ജീവനക്കാർ, ഭരണസമിതി അംഗങ്ങൾ എന്നിവർ ഭവന സന്ദർശങ്ങൾ നടത്തുകയും കേരള വികസനത്തിന് സഹകരണ പ്രസ്ഥാനത്തിന്റെ പങ്ക് സംബന്ധിച്ച് ജനങ്ങളെ ബോധവൽക്കരിക്കുകയും ചെയ്തു.<br>• സഹകരണ വകുപ്പ് ഉദ്യോഗസ്ഥർ സംഘങ്ങളിലെ ജീവനക്കാർക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി.<br>• നിക്ഷേപ സമാഹരണത്തിന്റെ പുരോഗതി വിലയിരുത്തുന്നതിനായി ബഹു.സഹകരണ വകുപ്പ് മന്ത്രി എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ) മാരുടേയും യോഗം വിളിക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. |
| (ബി) | ഊരാളുങ്കൽ സൊസൈറ്റി പോലെയുള്ള ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങളെ മേൽപ്പറഞ്ഞ നിക്ഷേപ സമാഹരണത്തിന്റെ ഭാഗമാക്കിയിട്ടുണ്ടോ; എങ്കിൽ ഊരാളുങ്കൽ മുഖേന എത്ര കോടി രൂപയുടെ നിക്ഷേപം ഓരോ ഘട്ടത്തിലും സമാഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്; ഇതിനായി സൊസൈറ്റിക്ക് പ്രത്യേക ഇളവുകൾ നൽകിയിട്ടുണ്ടോ; വിശദാംശം നല്കാമോ? | (ബി) | ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഈ സർക്കാർ കാലയളവിൽ നടന്ന നിക്ഷേപ സമാഹരണ യജ്ഞത്തിന്റെ ഭാഗമായിട്ടുണ്ട്.<br><br>2022 ഫെബ്രുവരി 21 മുതൽ 2022 മാർച്ച് 31 വരെ നടന്ന 42-ാമത് നിക്ഷേപ സമാഹരണ യജ്ഞത്തിൽ 65,88,15,710/- രൂപയും<br><br>2023 ഫെബ്രുവരി 15 മുതൽ 2022 മാർച്ച് 31 വരെ നടന്ന 43-ാമത് നിക്ഷേപ സമാഹരണ യജ്ഞത്തിൽ 31,76,83,396/- രൂപയും<br><br>2024 ജനുവരി 10 മുതൽ ഫെബ്രുവരി 12 വരെ നടന്ന 44-ാമത് നിക്ഷേപ സമാഹരണ യജ്ഞത്തിൽ 36,42,73,093/- രൂപയും സമാഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.<br><br>പ്രസ്തുത നിക്ഷേപ സമാഹരണ യജ്ഞത്തിന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് പ്രത്യേക ഇളവുകൾ ലഭിച്ചിട്ടില്ല. എന്നാൽ സഹകരണവകുപ്പ് 20/07/2023-ൽ പുറപ്പെടുവിച്ച സ.ഉ(സാധാ)നം.434/2023/സഹ ഉത്തരവ് പ്രകാരം സംഘത്തിന് സ്ഥിര നിക്ഷേപങ്ങൾക്ക് 1% അധിക പലിശ നിരക്ക് നൽകുവാൻ അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ